# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *122** 01.11.2019 -ലെ മറുപടിയ്ക്ക്

## സർവ്വകലാശാലകളിലെ അദാലത്തുകൾ

*ചോദ്യം*

ശ്രീ. പി.ടി. തോമസ്
ശ്രീ. വി.ടി.ബൽറാം
ശ്രീ. റോജി എം. ജോൺ
ശ്രീ. വി.പി.സജീന്ദ്രൻ

*ഉത്തരം*

**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി )

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകൾ അദാലത്തുകൾ സംഘടിപ്പിക്കാറുണ്ടോ; എങ്കിൽ ഏതൊക്കെ കാര്യങ്ങൾ പരിഗണിക്കുവാനാണ് ഇത്തരം അദാലത്തുകൾ സംഘടിപ്പിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | അദാലത്തുകൾ സംഘടിപ്പിക്കാറുണ്ട് വിദ്യാർത്ഥികളുടേയും, അദ്ധ്യാപകരുടേയും, സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള വിവിധ കോളേജുകളുടേയും, മറ്റു ഗുണഭോക്താക്കളുടെയും സർവ്വകലാശാലയുമായുള്ള വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് പരിഹരിക്കപ്പെടാത്ത പരാതികൾ പരിഹരിക്കുന്നതിനാണ് അദാലത്തുകൾ സംഘടിപ്പിക്കുന്നത്. |
| (ബി) | പരീക്ഷയിൽ പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് മോഡറേഷനുള്ള അപേക്ഷ അദാലത്തിൽ ലഭിച്ചാൽ അത്തരം തീരുമാനം എടുക്കുവാൻ അദാലത്തുകൾക്ക് അധികാരം ഉണ്ടോ; ഇല്ലെങ്കിൽ 22.02.2019-ന് എം.ജി. സർവ്വകലാശാല സംഘടിപ്പിച്ച അദാലത്തിൽ കോതമംഗലത്തുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിൽ പഠിച്ച ഒരു വിദ്യാർത്ഥിനിക്ക് തോറ്റ വിഷയത്തിൽ മാർക്ക് കൂട്ടി നൽകുന്നതിനുള്ള | (ബി) | അദാലത്തുകൾക്ക് അധികാരമുള്ളതായി കാണുന്നില്ല. 22.02.2019-ന് നടന്ന അദാലത്തുമായി ബന്ധപ്പെട്ട അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിന് സിൻഡിക്കേറ്റ് നിർവാഹക സമിതിയെ സിൻഡിക്കേറ്റിന്റെ പൂർണ്ണ അധികാരത്തോടെ നിയോഗിച്ചിരുന്നു. മോഡറേഷൻ ആവശ്യം ഉയർത്തി 2016 മുതൽ നിരവധി ബി.ടെക് വിദ്യാർഥികൾ നിരന്തരം സർവകലാശാലയെ സമീപിച്ചിരുന്നു. 2016 ഓഗസ്റ്റ് 13-ന് വിദ്യാർഥികൾ ഇതേ വിഷയം ഉന്നയിച്ച് സർവകലാശാലാ മാർച്ച് നടത്തുകയും അന്ന് ചുമതല വഹിച്ചിരുന്ന വൈസ് ചാൻസലർ വിദ്യാർഥികളുമായി സംസാരിക്കുകയും വിഷയം പരിഗണി |

| | | | |
|---|---|---|---|
| | തീരുമാനം എടുത്തത് ഏത് സാഹചര്യത്തിലാണ്; ഇതിനുള്ള ചട്ടം ഏതാണ്; | | ക്കാമെന്ന് അറിയിക്കുകയും ചെയ്തിരുന്നു. എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലേക്ക് ബി.ടെക്. കോഴ്സുകൾ പൂർണമായും മാറുകയും സപ്ലിമെന്ററി വിദ്യാർഥികൾ മാത്രം സർവകലാശാലയിൽ തുടരുകയും ചെയ്യുന്ന സാഹചര്യമുണ്ടായിരുന്നു. ഒരു വിഷയത്തിൽ നേരിയ മാർക്കിന്റെ കുറവു കൊണ്ട് ബി.ടെക് പഠനം പൂർത്തീകരിക്കാൻ വിദ്യാർഥികൾക്ക് സാധിക്കാതിരിക്കുകയും നാലു വർഷത്തെ പഠനത്തിനു ശേഷം 56 വിഷയങ്ങളിൽ 55 വിഷയങ്ങൾക്ക് ജയിക്കുകയും ഒരു വിഷയത്തിന് മാത്രം കുറച്ച മാർക്കിൽ പരാജയപ്പെടുകയും ചെയ്ത് പ്ലസ്ടു യോഗ്യതയിലേക്ക് മാത്രമായി വിദ്യാർഥികൾ ചുരുങ്ങുന്ന അവസ്ഥയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഇതേ പരാതിയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും ഒരു വിഷയത്തിന് ഒരു മാർക്ക് മോഡറേഷൻ നൽകുന്നതിനാണ് 21.02.2019 ന് സിൻഡിക്കേറ്റ് തീരുമാനമെടുത്തത്. മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 4 ചട്ടം 23(15) പ്രകാരം സർവ്വകലാശാലയുടെ പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സിൻഡിക്കേറ്റിന്റെ അധികാരമാണ്. |
| (സി) | പ്രസ്തുത വിദ്യാർത്ഥിനിക്ക് മോഡറേഷൻ നൽകണമെന്ന ഫയൽ അക്കാദമിക് കൗൺസിലിന്റെ പരിഗണനയിലിരിക്കവെ സർവ്വകലാശാല സിൻഡിക്കേറ്റ് 30.04.2019-ൽ ചേർന്ന് ബി. ടെക് | (സി) | തീരുമാനിച്ചിരുന്നു; അതെ; മോഡറേഷൻ ആവശ്യം ഉയർത്തി 2016 മുതൽ നിരവധി ബി.ടെക് വിദ്യാർഥികൾ നിരന്തരം സർവകലാശാലയെ സമീപിച്ചിരുന്നു. 2016 ഓഗസ്റ്റ് 13-ന് വിദ്യാർഥികൾ ഇതേ വിഷയം ഉന്നയിച്ച് സർവകലാശാലാ മാർച്ച് നടത്തുകയും അന്ന് ചുമതല വഹിച്ചിരുന്ന വൈസ് |

| | | | |
|---|---|---|---|
| | പരീക്ഷയിൽ ഏതെങ്കിലും ഒരു സെമസ്റ്ററിൽ ഏതെങ്കിലും ഒരു വിഷയത്തിൽ പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിയിട്ടുള്ള മോഡറേഷന് പുറമേ പരമാവധി അഞ്ച് മാർക്ക് സിൻഡിക്കേറ്റ് മോഡറേഷനായി അനുവദിക്കുവാൻ തീരുമാനിച്ചിരുന്നോ; ഈ തീരുമാനം അജണ്ടയ്ക്ക് പുറത്തുള്ള വിഷയമായിട്ടാണോ സിൻഡിക്കേറ്റ് പരിഗണിച്ചത്; എങ്കിൽ അതിനുള്ള കാരണമെന്താണ്; | | ചാൻസലർ വിദ്യാർഥികളുമായി സംസാരിക്കുകയും വിഷയം പരിഗണിക്കാമെന്ന് അറിയിക്കുകയും ചെയ്തിരുന്നു. എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലേക്ക് ബി.ടെക്. കോഴ്സുകൾ പൂർണമായും മാറുകയും സപ്ലിമെന്ററി വിദ്യാർഥികൾ മാത്രം സർവകലാശാലയിൽ തുടരുകയും ചെയ്യുന്ന സാഹചര്യമുണ്ടായിരുന്നു. നേരിയ മാർക്കിന്റെ കുറവുകൊണ്ട് ബി.ടെക് പഠനം പൂർത്തീകരിക്കാൻ വിദ്യാർഥികൾക്ക് സാധിക്കാതിരിക്കുകയും നാലു വർഷത്തെ പഠനത്തിനു ശേഷം 56 വിഷയങ്ങളിൽ 55 വിഷയങ്ങൾക്ക് ജയിക്കുകയും ഒരു വിഷയത്തിന് മാത്രം നിസാര മാർക്കിൽ പരാജയപ്പെടുകയും ചെയ്ത് പ്ലസ്ടു യോഗ്യതയിലേക്ക് മാത്രമായി വിദ്യാർഥികൾ ചുരുങ്ങുന്ന അവസ്ഥയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കിട്ടിയ അപേക്ഷ പരിഗണിച്ചപ്പോൾ പരമാവധി വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിക്കത്തക്ക വിധത്തിലുള്ള മോഡറേഷനാണ് തീരുമാനിച്ചത്. ആയതിന്റെ അടിസ്ഥാനത്തിലാണ് 5 മാർക്ക് മോഡറേഷൻ നൽകാൻ തീരുമാനിച്ചത്. ഇതിലേക്കായി വിദ്യാർത്ഥികൾ സമർപ്പിച്ച ഓരോ അപേക്ഷയും പ്രത്യേക നമ്പരുകളുള്ള ഫയലുകളാക്കി തീർപ്പാക്കുന്നതിലുള്ള നടപടിക്രമങ്ങളും സങ്കീർണ്ണതയും കാലതാമസവും ഒഴിവാക്കുന്നതിനാണ് ഈ വിഷയം പൊതുവായി എടുത്ത് ഔട്ട് ഓഫ് അജണ്ടയായി പരിഗണിച്ചത്. |
| (ഡി) | പരാജയപ്പെട്ട വിദ്യാർത്ഥികളെ | (ഡി) | മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം 4 ചട്ടം 23 (15) പ്രകാരം |

| | | | |
|---|---|---|---|
| | ഫലപ്രഖ്യാപനത്തിന് ശേഷം അധിക മോഡറേഷൻ അനുവദിച്ച് വിജയിപ്പിക്കുന്നതിന് തീരുമാനം എടുക്കുവാൻ സർവ്വകലാശാല സിൻഡിക്കേറ്റിന് അധികാരമുണ്ടോ; സ്റ്റാറ്റ്യൂട്ടിലെ ഏത് വകുപ്പ് പ്രകാരമാണ് ഇപ്രകാരം ഒരു തീരുമാനം എടുത്തത്; | | സർവ്വകലാശാലയുടെ പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സിൻഡിക്കേറ്റിന്റെ അധികാരമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സാഹചര്യവും പ്രത്യേകമായി പരിഗണിച്ച് വിദ്യാർത്ഥികൾക്ക് മോഡറേഷൻ നൽകുന്നതിനുള്ള തീരുമാനം സിൻഡിക്കേറ്റ് എടുക്കുകയാണ് ചെയ്യുന്നത്. |
| (ഇ) | ഇത് റദ്ദ് ചെയ്യുന്നതിനും ഇക്കാര്യം സംബന്ധിച്ച് സമഗ്രമായ ഒരു അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി കൈക്കൊള്ളുന്നതിനും തീരുമാനം ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ? | (ഇ) | 30.04.2019 തീയതിയിലെ ഒ.എ 28/19.03 പ്രകാരം എടുത്ത നയപരമായ തീരുമാനം പൊതുസമൂഹത്തിനു മുമ്പിൽ സർവകലാശാലയും അക്കാദമിക സമൂഹവും സംശയത്തിന്റെ നിഴലിൽ പോലും വരാതിരിക്കുവാനുമായി 24.10.2019 തീയതിയിലെ ഇനം നമ്പർ 01/19.09 സിൻഡിക്കേറ്റ് തീരുമാന പ്രകാരം പിൻവലിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.